# പതിനാലാം കേരള നിയമസഭ

## ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്തചോദ്യം നം:2999 07.02.2018-ൽ മറുപടിക്ക്

## സംസ്ഥാനത്തെ സ്കൂളുകളിലെ ഉച്ചഭക്ഷണം

ചോദ്യം

ശ്രീ. ഡി.കെ.മുരളി

ഉത്തരം

പ്രൊഫ സി. രവീന്ദ്രനാഥ്

(വിദ്യാഭ്യാസ വകുപ്പു മന്ത്രി)

എ) സംസ്ഥാനത്തെ സ്കൂളുകളിലെ ഉച്ചഭക്ഷണം മെച്ചപ്പെടുത്താൻ എന്തൊക്കെ നടപടികളാണ് സർക്കാർ സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ;

എ) ഉച്ചഭക്ഷണ പദ്ധതി നടത്തിപ്പിന്റെ മേൽനോട്ടത്തിനായി ഉപജില്ലാ വിദ്യാഭ്യാസ ഓഫീസുകളിൽ 163 നൂൺമീൽ ഓഫീസർമാരെ നിയമിച്ചിട്ടുണ്ട്. ഒരു മാസം ഏറ്റവും കുറഞ്ഞത് 15 സ്കൂളുകൾ എങ്കിലും നൂൺമീൽ ഓഫീസർമാർ സന്ദർശിക്കുകയുംഉച്ചഭക്ഷണ പദ്ധതി നടത്തിപ്പ് അവലോകനം ചെയ്യുകയും ആവശ്യമായ നിർദ്ദേശങ്ങൾ സ്കൂൾ പ്രഥമാദ്ധ്യാപകർ, ചുമതലയുള്ള അദ്ധ്യാപകർ, പാചക തൊഴിലാളി എന്നിവർക്ക് നൽകുകയും ചെയ്യുന്നു.

- പച്ചക്കറി, പലവ്യഞ്ജനം, അരി ഒഴികെയുള്ള മറ്റു ഭക്ഷ്യ പദാർത്ഥങ്ങൾ, പാൽ, മുട്ട, ഇന്ധനച്ചെലവ് എന്നിവയ്ക്കായി നൽകുന്ന പാചകച്ചെലവ് (Contingency) കേന്ദ്ര ഗവൺമെന്റ് മാനദണ്ഡമനുസരിച്ച് പ്രതിദിനം എൽ.പി. വിഭാഗം കുട്ടികൾക്ക് 4.13 /- രൂപയും യു.പി വിഭാഗം കുട്ടികൾക്ക് 6.18/- രൂപയുമാണ് . ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിലും ഈ നിരക്കാണ് പ്രാബല്യത്തിലുള്ളത്. എന്നാൽ ഗുണമേന്മയുള്ളതും പോഷക സമൃദ്ധവുമായ ഭക്ഷണം (പ്രതിദിനം 3 വിഭവങ്ങൾ) ഉൾപ്പെടെ കുട്ടികൾക്ക് നൽകണമെന്ന കാഴ്ചപ്പാടിൽ കുട്ടി ഒന്നിന് പ്രതിദിനം 6/- രൂപ മുതൽ 8/- രൂപ വരെ പാചകച്ചെലവ് അനുവദിച്ചിട്ടുണ്ട്.

- വെള്ളം, ഫുഡ് സാമ്പിൾ എന്നിവ ടെസ്റ്റ് ചെയ്യുവാനായി , NABL Accreditation, ഉള്ള ഒരു അർദ്ധസർക്കാർ സ്ഥാപനവുമായി ധാരണാപത്രം ഒപ്പിടുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

- സംസ്ഥാനതലത്തിൽ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട പരാതികൾ സ്വീകരിക്കാൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.

| | | | |
|---|---|---|---|
| | | | • വിഷരഹിത പച്ചക്കറികളുടെ ഉപയോഗത്തിന് പ്രാദേശികമായി കൃഷി ചെയ്യുന്ന സംസ്ഥാനത്തെ 50% അധികം സ്കൂളുകളിൽ പച്ചക്കറിത്തോട്ടം നിലവിലുണ്ട്.ഹോർട്ടികോർപ്പ് മുതലായ സർക്കാർ ഏജൻസികളിൽ നിന്നുള്ള പച്ചക്കറികളാണ് ഉപയോഗിക്കുന്നത്. |
| ബി) | ഉച്ചഭക്ഷണം പ്ലസ് ടു വരെയുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും ലഭ്യമാകത്തക്ക രീതിയിൽ പദ്ധതി വിപുലപ്പെടുത്തുന്ന കാര്യം സർക്കാരിന്റെ പരിഗണന യിലുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ ലഭ്യമാക്കാമോ; | ബി) | ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ